## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2638

19.6.2014 ലെ മറുപടിക്ക്

### സ്കൂൾ പ്രവേശന രജിസ്റ്ററിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ആർ.സെൽവരാജ്<br>,, അൻവർ സാദത്ത് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സ്കൂൾ പ്രവേശന രജിസ്റ്ററിലെ തെറ്റുകൾ തിരുത്തുന്നതിന് ഹെഡ്മാസ്റ്റർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യം എന്തെല്ലാമാണ്; വിശദമാക്കാമോ ;<br><br>(സി) ഏതെല്ലാം വിവരങ്ങൾ തിരുത്തുന്നതിനാണ് അധികാരം നൽകിയിട്ടുള്ളത് ; വിശദമാക്കുമോ; | (എ)യും (ബി)യും (സി)യും<br><br>കേരളവിദ്യാഭ്യാസചട്ടങ്ങൾ അദ്ധ്യായം VI ചട്ടം 3 പ്രകാരം സ്കൂൾ പ്രവേശന രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നതിന് ഹെഡ് മാസ്റ്ററെ ചുമതലപ്പെടുത്തിക്കൊണ്ട് 7.2.2012 ന് സ.ഉ.(പി) നം 38/12/പൊവിവ,സ.ഉ.(പി) നം.37/12/പൊവിവ എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ 'സമ്പൂർണ്ണ' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് പ്രവേശന രജിസ്റ്ററിൽ കുട്ടികളുടെ പേര്,മതം,ജാതി,ജനനതീയതി എന്നിവ തിരുത്തുന്നതിന് ഹെഡ് മാസ്റ്ററെ ചുമതലപ്പെടുത്തിയത്. |
| (ഡി) ഇതിനായി ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; | (ഡി) 4.6.2012 ലെ സ.ഉ.(പി) നം. 175/12/പൊവിവ നമ്പർ ഉത്തരവ് പ്രകാരം റവന്യൂ അധികാരികളുടെയോ ജനന മരണരജിസ്ട്രാറുടേയോ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ഹെഡ് മാസ്റ്റർക്ക് അഡ് മിഷൻ രജിസ്റ്ററിൽ തിരുത്തൽ വരുത്തുവാൻ അധികാരം നൽകികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധിച്ച വ്യവസ്ഥകൾ കെ.ഇ.ആർ - ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | കെ.ഇ.ആക്ട് സെക്ഷൻ 36 പ്രകാരം സർക്കാറിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് പുറപ്പെടുവിച്ചിട്ടുള്ള 7.2.2012 ലെ ജി.ഒ (പി) 37/12/പൊവിവ, 7.2.2012 ലെ ജി.ഒ (പി) 38/12/പൊവിവ, 4.6.2012 ലെ ജി.ഒ (പി) 175/12/പൊവിവ എന്നീ ഉത്തരവുകൾ പ്രകാരം ഇതു സംബന്ധിച്ച വ്യവസ്ഥകൾ കെ.ഇ.ആർ അദ്ധ്യായം VI ചട്ടം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ